**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 211 — 25-04-2017 ൽ മറുപടിയ്ക്ക്

## അനധികൃത ഫ്ലാറ്റുകൾക്ക് നൽകിയ എൻ.ഒ.സി.

| | ചോദ്യം<br>**ശ്രീ.പി.സി.ജോർജ്** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
|---|---|---|---|
| എ) | നേരത്തെ ചുമതല വഹിച്ചിരുന്ന ഫയർ & റസ്ക്യു കമാന്റന്റ് ജനറൽമാർ എൻ.ഒ.സി. നൽകാതിരുന്ന അനധികൃത ഫ്ലാറ്റുകൾക്ക് കമാന്റന്റ് ജനറലിന്റെ ഒഴിവിൽ ചാർജ്ജ് ഏറ്റെടുത്ത ടെക്നിക്കൽ ഡയറക്ടർ നിയമവിരുദ്ധമായി എൻ.ഒ.സി. നൽകിയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ വന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ അത് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഫയർ & റെസ്ക്യു സർവീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇന്റേണൽ വിജിലൻസ് അന്വേഷിച്ചുവരികയാണ്. |
| ബി) | മുമ്പ് തടഞ്ഞുവച്ചതും ഇപ്പോൾ എൻ.ഒ.സി. നൽകിയതുമായ ഫ്ലാറ്റുകൾ ഏതൊക്കെയെന്ന് ജില്ലതിരിച്ച് ഫ്ലാറ്റിന്റെയും ഫ്ലാറ്റ് ഉടമയുടെയും പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) | വ്യവസ്ഥകൾ പ്രകാരമുള്ള ഫ്ലാറ്റുകൾക്ക് എൻ.ഒ.സി. നൽകുന്നുണ്ട്. മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ ചട്ടങ്ങൾ, നാഷണൽ ബിൽഡിംഗ് കോഡിലെ ചട്ടങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന ബഹുനില കെട്ടിടങ്ങൾക്കാണ് ഫയർ & റെസ്ക്യു വകുപ്പിൽ നിന്ന് പരിശോധിച്ച് എൻ.ഒ.സി. നൽകി വരുന്നത്. പരിശോധനാവേളയിൽ അപാകത കണ്ടെത്തുന്ന അപേക്ഷകൾ മടക്കി അയയ്ക്കുകയും അപാകത പരിഹരിച്ച് വീണ്ടും അപേക്ഷ |

| | | |
|---|---|---|
| | | സമർപ്പിക്കുമ്പോൾ പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കുന്നവയ്ക്ക് എൻ.ഒ.സി. നൽകുകയുമാണ് ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |
| സി) | പ്രസ്തുത ഫ്ലാറ്റുകൾക്ക് കൊടുത്ത ഓരോ എൻ.ഒ.സി.യുടെയും കോപ്പി ലഭ്യമാക്കുമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ